# ഉനയിലെ സ്വാതന്ത്ര്യദിനാഘോഷ സന്ദേശം

**ഏറെ** സംഘർഷങ്ങളും ആകുലതകളും നിറഞ്ഞ ഒരന്തരീക്ഷത്തിലാണ് ഇന്ത്യയുടെ എഴുപതാം സ്വാതന്ത്ര്യദിനം കടന്നുപോയത്. ജൂലായ് 8ന് ഹിസ്ബുൾ മുജാഹിദീൻ കമാൻഡർ ബുർഹാൻ വാനി കൊല്ലപ്പെട്ടതിനെ തുടർന്ന് കശ്മീർ താഴ്‌വരയിൽ ഉടലെടുത്ത സംഘർഷങ്ങൾ ഒരുവശത്ത്. മറുവശത്ത്, ജൂലായ് 11ന് ചത്ത പശുവിന്റെ തോലുരിച്ചതിന്റെ പേരിൽ ഗുജറാത്തിലെ ഉനയിൽ 'ഗോരക്ഷാദൾ' പ്രവർത്തകർ ദലിത് യുവാക്കളെ തല്ലിച്ചതച്ചതിനെ തുടർന്നുണ്ടായ പ്രതിഷേധങ്ങൾ. കശ്മീരും പശുവും വിപുലമായ സംവാദങ്ങൾ രാജ്യമെങ്ങും തുറന്നിട്ട സാഹചര്യത്തിൽ കടന്നുപോയ എഴുപതാം സ്വാതന്ത്ര്യദിനം എന്താണ് നമ്മെ ഓർമ്മിപ്പിക്കുന്നത്? തുല്യതയിലും നീതിയിലും അധിഷ്ഠിതമായ ഒരു ആധുനിക ജനാധിപത്യ സമൂഹമായി എഴുപത് വർഷങ്ങൾ പിന്നിട്ടിട്ടും സ്വതന്ത്ര ഇന്ത്യയ്ക്ക് മാറാൻ കഴിഞ്ഞിട്ടില്ല എന്നതിനുള്ള തെളിവുകൾ കൂടിയാണ് സ്വാതന്ത്ര്യദിനത്തിൽ ഈ സംഭവങ്ങൾ നമുക്ക് മുന്നിൽവച്ചത്. ചില വിഭാഗം ജനങ്ങൾ രണ്ടാംനിര പൗരരായി പരിഗണിക്കപ്പെടുകയും തോക്കുകൾക്കും ദണ്ഡനങ്ങൾക്കും ഇരകളാക്കപ്പെടുകയും ചെയ്യുന്ന ഇന്ത്യയാണോ സ്വാതന്ത്ര്യാനന്തരം വിഭാവനം ചെയ്യപ്പെട്ട ദേശം? പാർശ്വവത്കരിക്കപ്പെട്ടവരുടെ അസ്ഥിത്വത്തെ ചോദ്യം ചെയ്യുന്ന ഈ സങ്കുചിത ദേശീയതയായിരുന്നോ സ്വതന്ത്ര ഇന്ത്യ സ്വപ്നം കണ്ടിരുന്നത്? അല്ല, ഒരിക്കലും ഇതായിരുന്നില്ല എന്നുതന്നെയാണ് ചരിത്രം പറയുന്നത്. സ്വാതന്ത്ര്യാനന്തരം രൂപംകൊണ്ട ദേശത്തെ നീതിപൂർണ്ണവും ജനാധിപത്യപരവുമായ ഒരു വ്യവസ്ഥയാക്കി മാറ്റുന്നതിൽ വലിയ പങ്ക് സിവിൽ സമൂഹത്തിനാണ് നിർവഹിക്കാനുള്ളത്. കശ്മീരിലെ മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരായ പ്രതിഷേധങ്ങളും ഇറോം ഷർമ്മിള മറ്റൊരു രൂപത്തിൽ തുടരാനാഗ്രഹിക്കുന്ന അമിതാധികാരങ്ങൾക്കെതിരായ സമരവും ജാതീയ മേൽക്കോയ്മകൾക്കെതിരെ നടക്കുന്ന ദലിത് സമൂഹത്തിന്റെ ഉണർവുകളും ഈ ദൗത്യമാണ് ഇന്ന് ഇന്ത്യയിൽ നിർവഹിച്ചുകൊണ്ടിരിക്കുന്നത്.

എഴുപതാം സ്വാതന്ത്ര്യദിനത്തിൽ ചെങ്കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയ പതാക ഉയർത്തുമ്പോൾ അദ്ദേഹം തന്നെ 'വികസന മാതൃക'യായി ഉയർത്തിക്കാട്ടിയ ഗുജറാത്ത് സംസ്ഥാനത്തെ ഉനയിൽ അന്നേ ദിവസം വലിയ ജനക്കൂട്ടത്തെ സാക്ഷിനിർത്തി രോഹിത് വെമുലയുടെ അമ്മയും ദേശീയപതാക ഉയർത്തുകയുണ്ടായി. ദേശീയതലത്തിൽ വലിയ രാഷ്ട്രീയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുന്ന സംഭവമായി മാറുകയായിരുന്നു ജാതീയ അസമത്വങ്ങളാൽ ജീവനൊടുക്കേണ്ടിവന്ന രോഹിതിന്റെ അമ്മ രാധിക ദേശീയപതാക ഉയർത്തിയ ആ ചടങ്ങ്. ഉനയിൽ പശുവിന്റെ തോലുരിഞ്ഞതിന്റെ പേരിൽ ദലിത് യുവാക്കൾ മർദ്ദിക്കപ്പെട്ടതിനെ തുടർന്ന് യുവ അക്ടിവിസ്റ്റ് ജിഗ്നേഷ് മേവാനി നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട 'ദലിത് അസ്മിത യാത്ര'യുടെ സമാപനമായിരുന്നു സന്ദർഭം. ദലിത് യുവാക്കളുടെ മുൻകൈയിൽ ആഗസ്റ്റ് 10ന് അഹമ്മദാബാദിൽ നിന്നും ആരംഭിച്ച റാലിയാണ് ഒരു മഹാസംഭവമായി ആഗസ്റ്റ് 15ന് ഉനയിൽ സമാപിച്ചത്. ചത്തപശുവിന്റെ തോലുരിയില്ലെന്നും തോട്ടിപ്പണി ചെയ്യില്ലെന്നും ആയിരങ്ങൾ ആ ചടങ്ങിൽ വച്ച് പ്രതിജ്ഞയെടുത്തു. ഭൂമിക്കും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾക്കും വേണ്ടിയുള്ള ഒരു സമരമായി ഉനയിലെ ഉണർവ് മാറിയതോടെ, ഫോട്ടോഷോപ്പ് വൈദഗ്ധ്യങ്ങൾക്ക് പോലും രക്ഷിക്കാൻ കഴിയാത്ത വിധം 'ഗുജറാത്ത് മോഡൽ' തകർന്നുവീണു. റാലി കഴിഞ്ഞ് മടങ്ങിപ്പോയവരെ പലയിടങ്ങളിലും വച്ച് ഗോരക്ഷകർ വീണ്ടും മർദ്ദിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിൽ ദേശീയപതാകയുയർത്തി മടങ്ങിപ്പോകവെ ജാതിക്കോമരങ്ങളുടെ മർദ്ദനമേൽക്കേണ്ടിവരുന്നത് എത്ര ദയനീയമാണ്.

നൂറോളം പേർക്ക് ജീവഹാനി സംഭവിക്കുകയും പെല്ലറ്റ് തോക്കുകളാൽ നിരവധി പേർക്ക് കാഴ്ചശക്തി നഷ്ടമാവുകയും ചെയ്തതിനെ തുടർന്ന് ദേശവ്യാപകമായ പ്രതിഷേധങ്ങൾ ഉയർന്നപ്പോൾ മാത്രമാണ് കശ്മീർ വിഷയത്തിൽ പ്രകോപനങ്ങൾ അവസാനിപ്പിക്കാൻ കേന്ദ്രം തയ്യാറായത്. ചെങ്കോട്ടയിലെ സ്വാതന്ത്ര്യദിന പ്രസംഗത്തിൽപ്പോലും പാകിസ്ഥാനെ കുറ്റപ്പെടുത്തുന്ന തരത്തിലുള്ള വിദ്വേഷ ജനകമായ ശൈലിയാണ് പ്രധാനമന്ത്രി കൈക്കൊണ്ടത്. സങ്കീർണ്ണമായ പ്രശ്നങ്ങൾ നിലനിൽക്കുന്ന കശ്മീർ വിഷയത്തിൽ സമചിത്തതയോടെയുള്ള രാഷ്ട്രീയ പരിഹാരത്തിന് ശ്രമിക്കാതെ വഴുതിമാറുന്നത് ഏറെ വൈവിദ്ധ്യങ്ങളുള്ള ഒരു രാജ്യത്തിന്റെ ഭരണത്തലവന് ഒട്ടും അഭികാമ്യമല്ല. സൈനിക നടപടികളല്ല, സംഭാഷണമാണ് പരിഹാരമെന്ന് വൈകിയാണെങ്കിലും അദ്ദേഹം തിരിച്ചറിഞ്ഞതിന്റെ ചില സൂചനകൾ ഇപ്പോൾ കിട്ടിത്തുടങ്ങിയിരിക്കുന്നു. എന്നാൽ അപ്പോഴേക്കും ആയിരങ്ങൾ പെല്ലറ്റ് തോക്കിന്റെ മാരക പ്രഹരങ്ങൾക്ക് ഇരകളായി ത്തീർന്നിരിക്കുന്നു. പശു പ്രശ്നത്തിലും ഇതുതന്നെയാണ് സംഭവിച്ചത്. ഗോരക്ഷകർ സാമൂഹിക വിരുദ്ധരാണെന്ന് നരേന്ദ്രമോദി പറയുമ്പോഴേക്കും ഇന്ത്യയിൽ നിരവധി മനുഷ്യർ പശുവിന്റെ പേരിൽ കൊലചെയ്യപ്പെട്ടു കഴിഞ്ഞിരുന്നു.

'ഗുജറാത്ത് മാതൃക' തകരുന്നതുകണ്ടിട്ടും വികസന സങ്കൽപ്പത്തിന്റെ കാര്യത്തിൽ കുലുക്കമില്ലാത്തയാളാണ് കേരള മുഖ്യൻ. നവലിബറൽ സാമ്പത്തിക നയങ്ങളുടെ വ്യക്തമായ ഗീതാ ഗോപിനാഥിനെ ഉപദേഷ്ടാവായി പരിഗണിക്കുന്നതിന് അദ്ദേഹത്തിന് ഒരു മടിയുമില്ല. അമേരിക്കൻ സാമ്പത്തിക നയങ്ങൾ തീരുമാനിക്കുന്ന ന്യൂയോർക്ക് ഫെഡറൽ റിസർവ്വ് ബാങ്കിന്റെ സാമ്പത്തിക ഉപദേഷ്ട സമിതിയിൽ അംഗമായിരുന്ന ഗീതയ്ക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾക്ക് വ്യക്തമായ മറുപടി നൽകാൻ സി.പി.എം ഇതുവരെ തയ്യാറായിട്ടില്ല. ഭൂമിയേറ്റെടുക്കൽ ബില്ലിൽ എൻ.ഡി.എ സർക്കാർ കൊണ്ടുവന്ന ജനവിരുദ്ധ ഭേദഗതികളെ അംഗീകരിക്കുകയും കോർപ്പറേറ്റുകളുടെ നികുതി വെട്ടിക്കുറയ്ക്കുന്നതിനെയും തൊഴിലാളികളുടെ നിയമപരിരക്ഷകൾ ഒഴിവാക്കുന്നതിനെയും അനുകൂലിക്കുകയും ചെയ്തയാളാണ് മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവായി മാറിയിരിക്കുന്നത്. പാറമട ഉടമകളുടെയും ലോട്ടറി രാജാവിന്റെയും കേസു വാദിക്കുന്ന എം.കെ. ദാമോദരനെ നിയമോപദേഷ്ടാവായി നിശ്ചയിക്കാൻ മടിയില്ലാത്ത മുഖ്യന് ഗീതാ ഗോപിനാഥിനോട് അയിത്തം തോന്നേണ്ടതില്ല. ഹാരിസൺ മലയാളം പ്ലാന്റേഷൻ കൈവശം വച്ചിരിക്കുന്ന അനധികൃതഭൂമി തിരിച്ചുപിടിക്കുന്ന കേസ് നിർണ്ണായക ഘട്ടത്തിൽ എത്തിയപ്പോൾ റവന്യൂ കേസുകൾ കൈകാര്യം ചെയ്തിരുന്ന പ്രത്യേക അഭിഭാഷകയായ സുശീലഭട്ടിനെ സർക്കാർ തൽസ്ഥാനത്ത് നിന്നും മാറ്റി. ആരെയാണ് തള്ളേണ്ടത്, ആരെയാണ് കൊള്ളേണ്ടത് എന്നത് പിണറായി വിജയന് നന്നായി അറിയാം. ഉനയിലൂടെ 'ഗുജറാത്ത് വികസന മോഡലി'നേറ്റ പ്രഹരമൊന്നും ഇവിടെ ഒരു വിഷയമേയല്ല. സിംഗൂരിൽ ടാറ്റയ്ക്ക് വേണ്ടി ഏറ്റെടുത്ത ഭൂമി കർഷകർക്ക് തിരികെ നൽകണമെന്ന സുപ്രീംകോടതിവിധിയെങ്കിലും അർഹിക്കുന്ന ഗൗരവത്തോടെ അവർ പഠിക്കുമോ? ■